

പൊന്നാനി വലിയ ജാറത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന

ഖുത്വുബുസ്സമാൻ സയ്യിദ് അബ്ദുറഹ്മാൻ അൽ ഐദുറൂസി (റ) തങ്ങളുടെ ലഘുചരിത്രം

ഖുത്വുബുസ്സമാൻ സയ്യിദ് അബ്ദുറഹ്മാൻ അൽ ഐദുറൂസി (റ) ചരിത്രം

സച്ചരിതരായ അമ്പിയാക്കളുടെയും ഔലിയാക്കളുടെയും മാർഗത്തിലേക്ക് വഴി നടത്തിയ അല്ലാഹുവിന് സർവ്വ സ്ത്രോത്രങ്ങളും. അല്ലാഹു പുണ്യനബിയോട് പറയാൻ ആവശ്യപ്പെടുന്നു. നബിയേ തങ്ങൾ പറയുക 'എന്റെ കുടുംബത്തെ സ്നേഹിക്കലല്ലാതെ ഈ ദീൻ പ്രചരിപ്പിച്ചതിന്റെ പേരിൽ ഞാൻ നിങ്ങളോടൊന്നും ചോദിക്കുന്നില്ല'. (സൂറത്തു ശൂറാ – 23).

നബി കുടുംബത്തെ സ്നേഹിക്കൽ വിശ്വാസികൾക്ക് നിർബന്ധമാണെന്ന് അല്ലാഹു പഠിപ്പിക്കുന്നു. മുത്ത് നബിയുടെ പ്രിയപ്പെട്ട മകളായ ഫാത്തിമ ബീവി (റ) യുടെ പുത്രൻ ഹുസൈൻ(റ)ന്റെ സന്താന പരമ്പരയിൽപെട്ട സയ്യിദ് അലിയുൽ ഐദറൂസിയുടെ മകനായിട്ട് ഹിജറ 1099 ന് യെമനിലെ ഹളർ മൗത്തിലെ 'അദൻ' ഗ്രാമത്തിലാണ് സയ്യിദ് അബ്ദുറഹ്മാൻ അൽ ഐദുറൂസി (റ) തങ്ങളുടെ ജനനം.

സമുദ്ധാരകനും സൂഫി ശ്രേണിയിലെ പ്രചാരകനുമായിരുന്ന സയ്യിദ് അബ്ദുറഹ്മാൻ അൽ ഐദുറൂസി തങ്ങൾ. ഇലാഹീ സാമിപ്യംകൊണ്ട് ജീവിത വിശുദ്ധി സമ്പന്നമാക്കിയ ഔലിയാക്കളുടെ സ്ഥാനം അലങ്കരിച്ചവരിൽ പ്രധാനിയായിരുന്നു. ജീവിതത്തിൽ ആർജിച്ചിരിക്കേണ്ട പ്രാഥമിക അറിവുകളും മറ്റു വിജ്ഞാനങ്ങളും സ്വദേശത്ത് നിന്ന് കരസ്ഥമാക്കിയ ശേഷം യമനിലെ ഹളർമൗത്തിൽനിന്ന് ഇങ്ങ് മലബാറിലേക്ക് കപ്പൽ മാർഗ്ഗം യാത്ര തിരിച്ചു. ഹിജറ 1115ന് കോഴിക്കോട് വന്നിറങ്ങുകയും ചെയ്തു. ഔലിയാക്കളുടെ നേതാവായ ഗൗസുൽ അഹ്ളം മുഹ്യിദ്ദീൻ ഷെയ്ഖ് തങ്ങളുടെ ഖാദിരിയ്യ: ത്വരീഖത്ത് (ഔലിയാക്കളുടെ ആത്മീയ സരണി) അനുധാവനം ചെയ്തു ജീവിക്കുകയും മലബാറിലെ വിശ്വാസികളെ ആ മാർഗത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു.

കേരളത്തിലേക്ക് വന്നപ്പോൾ തദ്ദേശീയഭരണകൂടം അവരെ ഊഷ്മളമായി വരവേൽക്കുകയും ആവശ്യമായ സൗകര്യങ്ങളൊരുക്കി ആതിഥ്യ മര്യാദ പ്രകടിപ്പിക്കുകയും ചെയ്തു. ജാതി മത ഭേദമന്യേ മുഴുവൻ ജനങ്ങളുടെ പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും തങ്ങൾ

ആശ്വാസമേകി. മുഴുവൻ ജനവിഭാഗങ്ങളുംതങ്ങളെ അങ്ങേയറ്റം ആദരിക്കുകയും ബഹുമാനിക്കുകയുമുണ്ടായി. തങ്ങളുടെ പെരുമാറ്റത്തിലും സ്വഭാവവിശുദ്ധിയിലും ആകൃഷ്ടരായി ധാരാളം ഇതര മത സുഹൃത്തുക്കൾ ഇസ്ലാം മതം പുൽകി.

തങ്ങളുടെ അവസാന വിശ്രമ ജീവിതം ചാവക്കാട് ആയിരുന്നു. ഒരു ദിവസം കൊച്ചിയിലെ തങ്ങളുടെ മക്കളും സ്നേഹിക്കുന്നവരുമായ കുറച്ചുപേരും തങ്ങളുടെ ചാവക്കാട് വസതിയിലെത്തി. തങ്ങൾ വിടപറഞ്ഞാൽ കൊച്ചിയിലേക്ക് കൊണ്ട് പോകുമെന്നും അവിടെ മറവ് ചെയ്യുമെന്നുമായിരുന്നു അവരുടെ ആവശ്യം. ഇത് ചാവക്കാട്ടെയും കൊച്ചിയിലെയും മക്കൾക്കിടയിൽ ചെറിയ തർക്കത്തിന് കാരണമായി. വഫാത്തിന്റെ തൊട്ട് മുമ്പ് മുഴുവൻ മക്കളെയും വിളിച്ചുകൂട്ടാൻ ആവശ്യപ്പെട്ടുകൊണ്ട് തങ്ങൾ ഇങ്ങിനെ പറഞ്ഞു. 'എന്റെ ജനാസ ആർക്ക് ഉയർത്താൻ സാധിക്കുമോ അവർ എന്നെ കൊണ്ട് പോയി അവരുടെ നാട്ടിൽ മറവ് ചെയ്യട്ടെ ' അല്ലാഹുവിന്റെ അലങ്കനീയമായ വിധി എന്ന് പറയാം പൊന്നാനിയിലെ മക്കൾക്കല്ലാതെ ഒരാൾക്കും ആ പുണ്യ ശരീരത്തെ ഉയർത്താൻ സാധിച്ചില്ല. പൊന്നാനിയിലെ മക്കൾക്ക് നിഷ്പ്രയാസം ഉയർത്താൻ കഴിയുകയും അവർ പൊന്നാനിയിൽ കൊണ്ട് വരികയും ഇന്ന് വലിയജാറം എന്ന് വിളിക്കപ്പെടുന്ന സ്ഥലത്ത് ബഹുമാനപ്പെട്ട തങ്ങളെ മറമാടുകയും ചെയ്തു.

ഒരു ദിവസം കൊച്ചിയിലേക്കുള്ള യാത്ര വേളയിൽ വഴി മദ്ധ്യ തങ്ങൾ സഞ്ചരിച്ചിരുന്ന മഞ്ചലിന് ചെറിയ കേട് സംഭവിച്ചു. യാത്ര പ്രയാസമാവുകയും തങ്ങൾ ഒരു സ്ഥലത്ത് വിശ്രമിക്കാൻ തീരുമാനിക്കുകയും ആളൊഴിഞ്ഞ സ്ഥലം കണ്ടെത്തി അവിടെ വിശ്രമിക്കുകയും ചെയ്തു. വിശ്രമ വേളയിൽ ആ സ്ഥലത്തേക്ക് ചൂണ്ടികൊണ്ട് എന്റെ ഖബറിന് പറ്റിയ സ്ഥലമാണിതെന്നു തങ്ങളുടെ ഖാദിമുകളോട് പറയുകയുണ്ടായി. അന്ന് യാത്രയിൽ തങ്ങൾ വിശ്രമിച്ച സ്ഥലത്തുതന്നെയാണ് പരലോകത്തക്കുള്ള വലിയ യാത്രയിൽ ഇപ്പോഴും തങ്ങൾ വിശ്രമിക്കുന്നത്.

വിവാഹം കഴിച്ചു വർഷങ്ങളായി സന്താന സൗഭാഗ്യമില്ലാത്ത നാട്ടിലെ ഒരു പൗരപ്രമുഖൻ തങ്ങളെ ഒരിക്കൽ സമീപിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിഷമങ്ങൾ തങ്ങളോട് പറഞ്ഞു.

പ്രയാസങ്ങൾ കേട്ടറിഞ്ഞ ശേഷം ചില കാര്യങ്ങൾ ചെയ്യാൻ തങ്ങൾ അദ്ദേഹത്തോട് നിർദ്ദേശിക്കുകയും അതനുസരിച്ചു അവർ ജീവിച്ച പ്പോൾ ഭാര്യ ഗർഭിണിയാകുകയും നല്ല ഭംഗിയുള്ള ഒരാൺകുഞ്ഞിന് ജന്മം നൽകുകയുംചെയ്തു. പ്രസവിച്ച് ദിവസങ്ങൾ പിന്നിട്ടിട്ടും കുട്ടിയുടെ കണ്ണ് തുറക്കാത്തത് കുടുംബത്തിനെ ആകെ ദു:ഖത്തിലാഴ്ത്തി. ഈ വിഷമം തങ്ങളോട് വന്ന് പറഞ്ഞപ്പോൾ തങ്ങൾ പെട്ടെന്ന് അയാളുടെ കൂടെ ആ വീട്ടിലേക്ക് പോകുകയും വീട്ടിൽ ചെന്നു കുട്ടിയെ കാണി ക്കാൻ ആവശ്യപ്പെടുകയും ചെയ്തു. തങ്ങൾ കുട്ടിയെ വാങ്ങി മടി യിൽവെച്ചു. അത്ഭുതമെന്നുപറയട്ടെ ഉടനെ തന്നെ കുട്ടി കണ്ണ് തുറക്കു കയും ചെയ്തു. തങ്ങളെ മുഖത്ത് നോക്കി ചിരിക്കുകയും സന്തോഷി ക്കുകയും ചെയ്യുന്ന കുട്ടിയെ കണ്ടപ്പോൾ തങ്ങളുടെ പേരായ അബ്ദുറഹ്മാൻ എന്ന് കുട്ടിയെ വിളിക്കുകയും ഈ പേരിടാൻ വീട്ടു കാരോട് നിർദേശിക്കുകയുമുണ്ടായി. ഇത് കൂടിനിന്നവരിൽ കൗതുക മുണർത്തി അവർ ആത്മീയ പ്രഭാവത്തിൽ ആശ്ചര്യപ്പെട്ടു, മഹാനവർക ളുടെ സവിശേഷതകൾ കൂടുതൽ മനസ്സിലാക്കി. ഹിജറ വർഷം 1164നാണ് മഹാനവർകളുടെ വഫാത്ത്.

അല്ലാഹു അവരുടെ ബറകത്ത്കൊണ്ട് നമ്മെ ഇരുലോക വിജയികളിൽ ഉൾപ്പെടുത്തട്ടെ (ആമീൻ).

ചരിത്രാവലംഭം

ഖുത്ബുസ്സമാൻ സയ്യിദ് അബ്ദുറഹ്മാൻ അൽ ഐദ്രൂസി മൗലീദ്

അനുവാദം

വി. സെയ്ദ് മുഹമ്മദ് തങ്ങൾ

(മുതവല്ലി – പൊന്നാനി വലിയജാറം)

വി. സെയ്ദ് അമീൻ അൽ ഐദ്രൂസി തങ്ങൾ

(മാനേജർ – പൊന്നാനി വലിയജാറം)

വിവർത്തകൻ

നൗഷാദ് പുന്നത്തല

ഫോൺ: 9447166287, 9895097544